# സ്കൂൾ പ്രവർത്തനക്രമം
# കേരള സ്കൂൾ പാഠ്യപദ്ധതി 2013

# ടൈംടേബിൾ 2015 – 16
## (ക്ലാസ്സ് 1 –10)

*തയ്യാറാക്കിയത്*


**സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ്**
**(എസ് സി ഇ ആർ ടി കേരള), തിരുവനന്തപുരം**

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിച്ചിരിക്കുകയാണ്. പാഠ്യപദ്ധതി വിനിമയം ഫലപ്രദമാക്കുന്നതിന് സ്കൂൾ പാഠ്യക്രമവും പരിഷ്കരിക്കേണ്ടതായിവരുന്നു. നിലവിലെ വ്യവസ്ഥകൾ ഉൾക്കൊണ്ടുകൊണ്ടുള്ള പരിഷ്കരണമാണ് ഇപ്പോൾ നടത്തിയിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് ഉണ്ടായ മാറ്റങ്ങൾ ഉൾക്കൊണ്ട് സ്കൂളുകൾക്കുള്ള ടൈംടേബിൾ നിർണ്ണയിക്കുന്നതിന് എസ് സി ഇ ആർ ടി തയ്യാറാക്കിയ പ്രൊപ്പോസൽ 44-ാമത് സംസ്ഥാന സ്കൂൾ കരികുലം സ്റ്റിയറിംഗ് കമ്മിററി അംഗീകരിച്ചരുന്നു.

1989ലെ സിലബസ് പരീഷ്കരണത്തിന്റെ ഭാഗമായിട്ടാണ് മുൻപ് സ്കൂൾ ടൈംടേബിൾ ക്രമീകരിച്ചിരുന്നത്. 25 കൊല്ലങ്ങൾക്ക് മുൻപാണ് ഇത്തരത്തിൽ ക്രമീകൃതമായ ഒരു ടൈംടേബിൾ പരിഷ്കരണം നടന്നതായി കാണുന്നത്. എന്നാൽ പാഠ്യപദ്ധതിയും സിലബസ്സും പഠനബോധനതന്ത്രങ്ങളും ഇതിനകം നിരവധി പ്രാവശ്യം പരിവർത്തനത്തിന് വിധേയമായി. പരിഷ്കരിച്ച പാഠപുസ്തകങ്ങൾ നിലവിൽ വന്നു. ഈയവസരങ്ങളിലൊന്നും സ്കൂൾ ടൈംടേബിൾ യഥോചിതമായി മാറിയില്ല എന്നതാണ് വസ്തുത. കാലാകാലങ്ങളിൽ ചില ഭേദഗതികൾ ഉണ്ടാക്കിയെങ്കിലും സമഗ്രമാറ്റം നടന്നിരുന്നില്ല. ഇത് കണക്കിലെടുത്ത് പാഠ്യപദ്ധതിയുടെയും ക്ലാസ്റൂം വിനിമയത്തിന്റെയും പ്രാധാന്യമുൾക്കൊണ്ടാണ് സ്കൂൾ ടൈംടേബിൾ തയ്യാറാക്കാൻ എസ് സി ഇ ആർ ടി മുൻകൈയെടുത്തത്.

2015-16 അദ്ധ്യായനവർഷം മുതൽ കേരള സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ച സിലബസ് നടപ്പാക്കിയിരിക്കുന്ന സ്കൂളുകളിൽ പരിഷ്കരിച്ച പാഠ്യക്രമം (സ്കൂൾ ടൈംടേബിൾ) നടപ്പാക്കേണ്ടതാണ്.

## **HS Section - Period Allotment** (8 Periods per day)

| SUBJECTS | VIII | IX | X |
|---|---|---|---|
| First Langauge Part - I | 4 | 4 | 4 |
| First Langauge Part - II | 2 | 2 | 2 |
| Second Language (English) | 5 | 5 | 5 |
| Third Language (Hindi) | 3 | 3 | 3 |
| Basic Maths | 5 | 5 | 6 |
| Physics | 2 | 2 | 2 |
| Chemistry | 2 | 2 | 2 |
| Biology | 2 | 2 | 3 |
| Social Science | 4 | 5 | 6 |
| Work Experience | 2 | 2 | 1 |
| Art Education | 2 | 2 | 1 |
| Health & Physical Education | 2 | 1 | 1 |
| IT | 4 | 4 | 4 |
| സർഗ്ഗവേള | 1 | 1 | |

Four periods for IT (Two each for Theory and Practicals)

## **UP Section - Period Allotment** (8 Periods per day)

| SUBJECTS | V | VI | VII |
|---|---|---|---|
| First Langauge | 4 | 4 | 4 |
| Part - I First Langauge | 2 | 2 | 2 |
| Part - II Second Language (English) | 6 | 5 | 5 |
| Third Language (Hindi) | 2 | 3 | 3 |
| Basic Maths | 5 | 5 | 5 |
| General Science | 5 | 5 | 5 |
| Social Science | 5 | 5 | 5 |
| Work Experience | 3 | 3 | 3 |
| Art Education | 3 | 3 | 3 |
| Health & Physical Education | 3 | 3 | 3 |
| സർഗ്ഗവേള | 1 | 1 | 1 |
| Library | 1 | 1 | 1 |

## **LP Section - Period Allotment** (8 Periods per day)

| SUBJECTS | I | II | III | IV |
|---|---|---|---|---|
| Malayalam (Mother tongue) | 10 | 10 | 10 | 10 |
| Mathematics | 6 | 6 | 6 | 6 |
| Enviornmental Studies | 5 | 5 | 6 | 6 |
| Work Experience | 3 | 3 | 3 | 3 |
| Art Education | 3 | 3 | 3 | 3 |
| Health & Physical Education | 3 | 3 | 2 | 2 |
| English | 5 | 5 | 5 | 5 |
| Arabic/Sanskrit | 4 | 4 | 4 | 4 |
| സർഗ്ഗവേള | 1 | 1 | 1 | 1 |

## Time Schedule (10.00 to 4.00)

| PERIOD | from | to | Time |
|---|---|---|---|
| 1 | 10.00 | 10.40 | 40 |
| 2 | 10.40 | 11.20 | 40 |
| INTERVAL | 11.20 | 11.30 | 10 |
| 3 | 11.30 | 12.10 | 40 |
| 4 | 12.10 | 12.45 | 35 |
| INTERVAL | 12.45 | 01.45 | 60 |
| 5 | 01.45 | 02.20 | 35 |
| 6 | 02.20 | 02.55 | 35 |
| INTERVAL | 02.55 | 03.00 | 05 |
| 7 | 03.00 | 03.30 | 30 |
| 8 | 03.30 | 04.00 | 30 |

## Friday Time Table

### 9.30 to 4.30

| PERIOD | from | to | Time |
|---|---|---|---|
| 1 | 9.30 | 10.10 | 40 |
| 2 | 10.10 | 10.50 | 40 |
| INTERVAL | 10.50 | 11.00 | 10 |
| 3 | 11.00 | 11.40 | 40 |
| 4 | 11.40 | 12.15 | 35 |
| INTERVAL | 12.15 | 02.15 | 120 |
| 5 | 02.15 | 02.50 | 35 |
| 6 | 02.50 | 03.20 | 35 |
| INTERVAL | 03.20 | 03.25 | 05 |
| 7 | 03.25 | 04.00 | 30 |
| 8 | 04.00 | 04.30 | 30 |

**താഴെ പറയുന്ന കാര്യങ്ങൾ പരിഗണിച്ച് സ്കൂൾ ടൈംടേബിൾ ക്രമീകരിക്കാവുന്നതാണ്**

- കേരള വിദ്യാഭ്യാസ ചട്ടത്തിൽ മാറ്റം വരുത്താതെ തന്നെ എട്ട് പിരീയഡുകളുടെയും സമയക്രമം പരിഗണിച്ചു.
- ജി.ഒ. 807/91/14.3.1991ലെ ഉത്തരവ് പ്രകാരം നിലവിലുള്ള വിഷയങ്ങളുടെ പീരിയഡുകൾക്ക് മാറ്റം വരുത്താതെയാണ് ടൈംടേബിൾ ക്രമീകരിച്ചിട്ടുള്ളത്.
- സ്കൂൾ അധ്യായന സമയത്തിൽ കുറവ് വരാതെ സ്കൂൾ അസംബ്ലി, റോൾ കോൾ, ഇന്റർവെൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താൻ പ്രഥമധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.
- എൽ പി ക്ലാസ്സുകളിൽ അറബിക്, സംസ്കൃതം പീരിയഡുകളിൽ മറ്റ് കുട്ടികൾക്ക് കലാകായിക, പ്രവൃത്തിപരിചയ ക്ലാസ്സുകൾ നല്കി ക്രമീകരിക്കാവുന്നതാണ്.
- പാഠ്യപദ്ധതികളിൽ കാലാനുസൃതമായി ഉണ്ടായ മാറ്റങ്ങൾക്കനുസരണമായി എൽ.പി ക്ലാസ്സുകളിലെ ഇംഗ്ലീഷിന് 1, 2, 3 ക്ലാസ്സുകളിൽ 5 പീരിയഡും 4-ാം ക്ലാസ്സിൽ 3 പീരിയഡും അധികം കണ്ടെത്തിയിട്ടുണ്ട്.
- രണ്ട് പിരീയഡുകൾ ഒരുമിച്ച് ഒരേ വിഷയത്തിന് നൽകും വിധം യുക്തമെങ്കിൽ ഹെഡ്മാസ്റ്റർക്ക് ടൈംടേബിൾ ക്രമീകരിക്കാവുന്നതാണ്. പ്രവർത്തനാധിഷ്ഠിതമായ ക്ലാസ്സുകളുടെ തുടർച്ച ഇതുമൂലം ഉറപ്പുവരുത്താൻ സാധിക്കും.
- ദൈർഘ്യം കുറഞ്ഞ പിരീയഡുകളിൽ ഒരേ വിഷയം ആവർത്തിച്ചു വരുന്നത് ഒഴിവാക്കണം.
- സർഗ്ഗവേളയുടെ ചുമതല അതാത് ക്ലാസ് അധ്യാപകർ/മാതൃഭാഷാധ്യാപകർക്ക് നൽകണം.
- കലാകായിക, പ്രവൃത്തിപരിചയ മേഖലകളിൽ കുട്ടികൾക്ക് പഠനാവസരം ലഭിക്കത്തക്കവിധം അധ്യാപകരെ വിന്യസിക്കേണ്ടതാണ്.
- മാതൃഭാഷയ്ക്ക് സമയം കുറയാത്ത വിധത്തിൽ ടൈംടേബിൾ ക്രമീകരിക്കുവാനും പ്രഥമധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.
- പ്രാദേശികമായ ആവശ്യങ്ങൾ പരിഗണിച്ച് നിർദേശിച്ച അദ്ധ്യയന സമയത്തിൽ കുറവു വരുത്താതെ സ്കൂൾ ടൈംടേബിൾ തയ്യാറാക്കി 2015 ജൂൺ മാസം മുതൽ നടപ്പാക്കേണ്ടതാണ്.

ഡയറക്ടർ